"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ജീവനക്കാര്യം- പ്രിൻസിപ്പൽ ഡയറക്ടറുടെ 2023 ലെ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരെ സമർപ്പിക്കപ്പെട്ട ശ്രീ.ദിലീപ്കുമാർ, ശ്രീമതി.നീലിമ.എൽ എന്നിവരുടെ അപ്പീൽ അപേക്ഷ തീർപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2161/2023/LSGD തീയതി,തിരുവനന്തപുരം, 03-11-2023

---

പരാമർശം:- 1. ശ്രീ.ദിലീപ്കുമാർ, ശ്രീമതി.നീലിമ.എൽ എന്നിവ സമർപ്പിച്ച അപ്പീൽ അപേക്ഷ.
2. 11.10.2023-ന് ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

പ്രിൻസിപ്പൽ ഡയറക്ടറുടെ 2023 ലെ പൊതുസ്ഥലംമാറ്റ ഉത്തരവുകൾക്കെതിരെ പരാമർശം 1 പ്രകാരം സമർപ്പിക്കപ്പെട്ടിട്ടുള്ള അപ്പീൽ അപേക്ഷകൾ പരാമർശം 2 പ്രകാരം ചേർന്ന അപ്പീൽ കമ്മിറ്റി പരിഗണിക്കുകയും, ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തിരുന്നു.

**1) ശ്രീ.ദിലീപ് കുമാർ, ക്ലർക്ക്**

മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കൊച്ചിൻ കോർപ്പറേഷനിലേയ്ക്കാണ് അപേക്ഷകനെ സ്ഥലം സ്ഥലംമാറ്റിയിട്ടുള്ളത്. ടിയാൻ പ്രസ്തുത സ്റ്റേഷനിൽ ഏഴുമാസത്തെ സേവനം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂയെന്നും, incumbency details രേഖപ്പെടുത്തിയതിലുണ്ടായ പിഴവു മൂലമാണ് സ്ഥലംമാറ്റം ലഭിക്കാനിടയായതെന്നും, മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിൽ തന്നെ നിലനിർത്തണമെന്നുമാണ് അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടുള്ളത്. എന്നാൽ പ്രസ്തുത സ്ഥലംമാറ്റ ഉത്തരവിനെതിരെ അപേക്ഷകൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള കേസിന്മേലുള്ള അന്തിമ വിധി പ്രകാരം ടിയാനെ പ്രിൻസിപ്പൽ ഡയറക്ടർ നേരിൽ കേട്ടിരുന്നുവെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ദിലീപ് കുമാറിനെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയ്ക്ക് സമീപം ഏതെങ്കിലും തസ്വഭ സ്ഥാപനത്തിൽ ഒഴിവുള്ള ക്ലാർക്ക് തസ്തികയിൽ സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നതിന് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി, ടിയാന്റെ അപേക്ഷ തീർപ്പാക്കിയിട്ടുണ്ടെന്നും പ്രിൻ. ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടിയാന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കുവാൻ തീരുമാനിച്ചു.

**2) ശ്രീമതി.നീലിമ.എൽ, ക്ലാർക്ക്**

പത്തനംതിട്ട ജില്ലയിൽ നിന്നും മലപ്പുറം ജില്ലയിലേയ്ക്കാണ് അപേക്ഷകയെ സ്ഥലം മാറ്റിയിട്ടുള്ളത്. താമസ സ്ഥലത്തുനിന്നും വളരെ ദൂരം കൂടുതലായതിനാലും പ്രായമായ അമ്മയുടെ സംരക്ഷണ ചുമതലയുള്ളതിനാലും തൊട്ടടുത്ത ജില്ലകളായ ആലപ്പുഴയോ കോട്ടയമോ പത്തനംതിട്ടയോ ജില്ലകളിൽ സ്ഥലം മാറ്റം അനുവദിക്കണമെന്നാണ് അപേക്ഷക ആവശ്യപ്പെട്ടിരിക്കുന്നത്. അപേക്ഷ പരിശോധിച്ചതിൽ പരാതിക്കാരിയുടെ ആവശ്യം ന്യായമാണെന്ന് കമ്മിറ്റിയ്ക്ക് ബോധ്യപ്പെടുകയുണ്ടായി. ഇതു സംബന്ധിച്ചുള്ള ചർച്ചയിൽ ടിയാരി ആവശ്യപ്പെട്ടതനുസരിച്ച് പരാമർശിക്കപ്പെട്ടിരിക്കുന്ന ജില്ലകളിൽ ഒഴിവു വരുന്ന മുറയ്ക്ക് നിയമനം നൽകുന്ന കാര്യം പരിഗണിക്കാമെന്നും പരാതി പരിഹരിക്കാമെന്നും ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു. ആയതിനാൽ പ്രസ്തുത അപ്പീൽ അപേക്ഷ മേൽ പ്രകാരം

പരിഹരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

2) അപ്പീൽ കമ്മിറ്റിയുടെ മേൽ തീരുമാനം സർക്കാർ വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ 2023 ലെ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരെ ശ്രീ.ദിലീപ് കുമാർ, ശ്രീമതി.നീലിമ.എൽ എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ അപ്പീൽ കമ്മിറ്റിയുടെ മേൽ തീരുമാനമനുസരിച്ച് തീർപ്പാക്കിക്കൊണ്ട് സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
4. തസ്വഭ(ഇആർഎ) വകുപ്പ്
5. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.p
Date: 03-11-2023 12:32:57
സെക്ഷൻ ഓഫീസർ